ബ്രിട്ടനിലെ ഒരു പത്രവുമായി ഏതാനും ദിവസം മുമ്പ് നടത്തിയ ഒരു അഭിമുഖസംഭാഷണത്തിൽ, കാശ്മീരിൽ വീണ്ടും ഒരു യുദ്ധം ആരംഭിക്കാൻ പാക്കിസ്ഥാൻ അടുത്ത ഭാവിയിൽ തയ്യാറായേക്കുമെന്ന ആശങ്ക ശ്രീ രാജീവ്ഗാന്ധി പ്രകടിപ്പിച്ചതു് ബ്രിട്ടീഷ് പത്രങ്ങൾ വളരെ പ്രാധാന്യം നൽകി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത്തരം ആശങ്ക, അതിപ്രകടമായല്ലെങ്കിലും, ഇന്ദിരാഗാന്ധിയും പ്രകടിപ്പിച്ചിട്ടുണ്ട്. അതിലൊന്നും സത്യമില്ലെന്നും, അടുത്ത തെരഞ്ഞെടുപ്പിൽ വോട്ടു വാരിക്കൂട്ടുന്നതിന്റെ ഒരു അടവു മാത്രമാണ് പാക്ക്ഭീഷണിയെക്കുറിച്ചുള്ള പ്രസ്താവനകളെന്നുമാണ് ഇന്ത്യയിലെ എതിർ രാഷ്ട്രീയപാർട്ടികളുടെ വാദം.

ഇല്ലാത്ത ഭീഷണി ഉയർത്തിക്കാട്ടുകയാണ് പ്രധാനമന്ത്രി ചെയ്യുന്നതെങ്കിൽ അതു തീർച്ചയായും ദീർഘവീക്ഷണമില്ലായ്മയാണ്. നേരേ മറിച്ച്, ഉള്ള ഭീഷണി നിസ്സാരമാക്കുകയാണ് പ്രതിപക്ഷപാർട്ടികളെങ്കിൽ, അതും വിവേകരാഹിത്യംതന്നെ.

ആർക്കാണ് ദീർഘവീക്ഷണം? ആർക്കാണ് വിവേകരാഹിത്യം? നാളെ ചരിത്രം ഇക്കാര്യം തെളിയിക്കും. പക്ഷേ, അതിനു മുമ്പു സംഭവിക്കാൻ പാടില്ലാത്തതു സംഭവിച്ചുകഴിഞ്ഞിരിക്കും.

അതിനാൽ, വായനക്കാരേ, നിങ്ങൾതന്നെ കിട്ടാവുന്നിടത്തോളം വിവരണങ്ങൾ ശേഖരിച്ച് ഈ പ്രശ്നത്തിൽ ഒരു തീരുമാനത്തിലെത്തുക. കാരണം, നിങ്ങളുടെ സൗഖ്യത്തിന്റെ മാത്രമല്ല, ജീവിതത്തിന്റെകൂടി പ്രശ്നമാണ് ഇതു്.

(10 ഫെബ്രുവരി, 1984)

# 15. ഇസ്ലാമിക ജനാധിപത്യം

**പട്ടാളഭരണത്തിൻകീഴിൽ** ഞെരിയുന്ന പാക്കിസ്ഥാനിൽ 'ഇസ്ലാമിക **ജനാധിപത്യം**' സ്ഥാപിക്കുന്നതിനുള്ള പൊതുതെരഞ്ഞെടുപ്പുകൾ 1985 **മാർച്ചിനു** മുമ്പു നടക്കുമെന്ന് പ്രസിഡണ്ടും പട്ടാളഭരണാധികാരിയുമായ **മുഹമ്മദ് സിയാ ഉൾഹക്ക്** ഈയിടെ വടക്കുപടിഞ്ഞാറൻ അതിർത്തി **സംസ്ഥാനത്തിലുള്ള** പേഷാവർ നഗരത്തിൽ വമ്പിച്ച ഒരു ജനക്കൂട്ടത്തിന്റെ മുമ്പാകെ പ്രഖ്യാപിച്ചു.

'ഇസ്ലാമിക ജനാധിപത്യം' എന്നതുകൊണ്ടു താൻ ഉദ്ദേശിക്കുന്നതെന്തു് എന്നു് ഈ പ്രസംഗത്തിൽ, സമഗ്രമായി അല്ലെങ്കിലും, സിയാ ഉൾ ഹക്ക് വ്യക്തമാക്കി. അയൽരാജ്യത്തുണ്ടാവുന്ന സംഭവവികാസങ്ങളിൽ സ്വാഭാവികമായും നമുക്കു താല്പര്യമുണ്ടാകണമല്ലോ. സിയാ ഉൾ ഹക്കിന്റെ പേഷാവർ പ്രസംഗം ഇന്ത്യയിൽ വ്യാപകമായ പഠനത്തിനും ചർച്ചയ്ക്കും വിഷയമാകേണ്ടതാണ്.

'ഷാരിയാ' (ശരീഅത്ത്) എന്ന മുസ്ലിം നിയമങ്ങൾ അനുസരിച്ചായിരിക്കും പാക്കിസ്ഥാനിലെ അടുത്ത തെരഞ്ഞെടുപ്പു നടത്തുക എന്നു് സിയാ ഉൾ ഹക്ക് പറഞ്ഞു. ഇന്ത്യപോലുള്ള മതനിരപേക്ഷജനാധിപത്യരാഷ്ട്രങ്ങളിൽ, പരമാധികാരം ജനങ്ങളിൽ നിക്ഷിപ്തമാണ്; ഭരണം നടത്തുന്ന ജനപ്രതിനിധികൾക്ക് അധികാരം സിദ്ധിക്കുന്നതു ജനങ്ങളിൽനിന്നത്രേ. എന്നാൽ, 'ഷാരിയാ' (ശരീഅത്ത്) അനുസരിച്ച്, പരമാധികാരം അല്ലാഹുവിനുള്ളതാണ്. അല്ലാഹുവിൽനിന്നു ലഭിച്ച ഒരു 'ട്രസ്റ്റ്' എന്ന നിലയിലാണ് ഭരണാധികൃതർ അധികാരം കൈയാളുന്നതു്. ഇസ്ലാമികജനാധിപത്യത്തിൽ രാഷ്ട്രത്തലവൻ,

തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ, സർക്കാർ എന്നിവർ അടിസ്ഥാന—മുസ്ലിം നിയമങ്ങൾക്ക വിധേയരായിരിക്കും. 'ഇസ്ലാം' എന്ന അടിത്തറമേലായിരിക്കും രാജ്യത്തിന്റെ സമ്പദ്ഘടനയും രാഷ്ട്രീയസംവിധാനവും ഭരണയന്ത്രവും കെട്ടിപ്പടുക്കക.

'ഇസ്ലാമിക സമത്വം' രാഷ്ട്രത്തിലെ എല്ലാ പൗരന്മാർക്കും ഉണ്ടായിരിക്കും. ഇതിൻപ്രകാരം, ഉദ്യോഗത്തിന്റെ ഔന്നത്യം അനുസരിച്ചല്ല, കഴിവ് അനുസരിച്ചാണ്, ഓരോ പൗരനും ആദരം ലഭിക്കുക. ഇസ്ലാമിക ഭരണവ്യവസ്ഥയുടെ കീഴിൽ ദേശീയരാഷ്ട്രതന്ത്രത്തിൽ അർഹമായ പങ്ക വഹിക്കാൻ ഇടത്തരക്കാർക്കും, ബുദ്ധിജീവികൾക്കും മതഭക്തരും ഈശ്വരഭയമുള്ളവരും സത്യസന്ധരുമായവർക്കും അവസരം ലഭിക്കും. അങ്ങനെ ഒരു പുതിയ നേതൃവർഗം ഉയർന്നുവരും. ഇവർ പ്രക്ഷോഭണരാഷ്ട്രതന്ത്രം കൈവെടിയുകയും, രാഷ്ട്രത്തിന്റെ ഊർജം നിർമാണപരമായ മാർഗങ്ങളിലേക്ക തിരിച്ചുവിടുകയുംചെയ്യുമെന്ന് സിയാ ഉൾ ഹക്ക് പറഞ്ഞു.

അതേസമയം, ഇസ്ലാമിക വിരുദ്ധപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരെ പാക്കിസ്ഥാനിലെ തെരഞ്ഞെടുപ്പുകളിൽ പങ്കെടുക്കാൻ അനുവദിക്കുന്നതല്ല. സ്വാർത്ഥതാല്പര്യങ്ങൾക്കുവേണ്ടി തെരഞ്ഞെടുപ്പുകളെ ചൂഷണംചെയ്യാൻ രാഷ്ട്രീയപ്രവർത്തനം തൊഴിലും കുത്തകയുമാക്കിക്കൊണ്ടു നടക്കുന്നവർക്കും നിഷേധാത്മകഘടകങ്ങൾക്കും അവസരം നൽകിയില്ല. പ്രാദേശികവാദമോ, പാക്കിസ്ഥാന്റെ ആശയസംഹിതർക്ക് എതിരായ തത്ത്വങ്ങളോ പ്രചരിപ്പിക്കുന്നതിനുവേണ്ടി തെരഞ്ഞെടുപ്പു പ്രചാരവേല ഉപയോഗപ്പെടുത്താനും ആരെയും അനുവദിക്കുകയില്ല.

സിയാ ഉൾ ഹക്ക് നൽകിയ ഈ വിവരണത്തിൽനിന്നു പാക്കിസ്ഥാനിൽ ഇന്നു നിലവിലുള്ള ഒരു രാഷ്ട്രീയകക്ഷിക്കും തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളെ നിർത്താനോ, ഏതെങ്കിലും സ്ഥാനാർത്ഥിക്കുവേണ്ടി പ്രചാരവേലചെയ്യാനോ അവസരം നൽകില്ലെന്നു സ്പഷ്ടമാണ്. പാക്കിസ്ഥാനിൽ എല്ലാ രാഷ്ട്രീയപാർട്ടികളും നിരോധിക്കപ്പെട്ടിരിക്കയാണ്. ഈ നിരോധം നീക്കാൻ പ്രസിഡണ്ട് സിയാ ഉദ്ദേശിക്കുന്നില്ല. മദ്യപാനം, കള്ളക്കടത്ത്, അമിതലാഭമെടുക്കൽ, പൂഴ്ത്തിവെപ്പ് മുതലായ സാമൂഹികവിരുദ്ധപ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്നവർക്കും തെരഞ്ഞെടുപ്പുകളിൽ സ്ഥാനാർത്ഥികളായി നിൽക്കാനോ, വോട്ടുചെയ്യാനോ പാക്കിസ്ഥാനിൽ അർഹതയുണ്ടായിരിക്കുന്നതല്ല.

രാജ്യത്തിലെ എല്ലാ പൗരന്മാർക്കും ഉണ്ടായിരിക്കുമെന്നു സിയാ ഉൾ ഹക്ക് പ്രഖ്യാപിച്ച 'ഇസ്ലാമികസമത്വം' എന്തെന്നു വ്യക്തമല്ല. ഇസ്ലാമല്ലാത്ത ഏതെങ്കിലും മതം വിശ്വസിക്കുന്നവർക്ക് ഈ സമത്വം ഉണ്ടായിരിക്കുമോ? പാക്കിസ്ഥാനിൽ ഒട്ടേറെ ഹിന്ദുക്കളും സിക്കുകാരും ക്രിസ്ത്യാനികളും ബുദ്ധമതക്കാരും പാഴ്സികളുമുണ്ട്. ഇന്ത്യൻ ഭരണഘടന ഇന്ത്യയിലെ മത ന്യൂനപക്ഷങ്ങൾക്ക വാഗ്ദാനംചെയ്യുന്ന പൗരാവകാശങ്ങൾ, വോട്ടുചെയ്യാനും തെരഞ്ഞെടുക്കപ്പെടാനും ഏററവും വലിയ ഉദ്യോഗങ്ങൾവരെ ഭരിക്കാനും മററുമുള്ള അവകാശങ്ങൾ, പാക്കിസ്ഥാനിലെ മത ന്യൂനപക്ഷങ്ങൾക്ക് ഇസ്ലാമികജനാധിപത്യവ്യവസ്ഥയിൻ കീഴിൽ ഉണ്ടായിരിക്കുമോ? ഈ ചോദ്യത്തിനുള്ള സ്പഷ്ടമായ ഉത്തരം സിയാ ഉൾ ഹക്കിന്റെ പേഷാവർ പ്രസംഗത്തിലുണ്ടായിരുന്നില്ല.

'ഇസ്ലാമിക ജനാധിപത്യ'ത്തിൽ സ്ത്രീകളുടെ സ്ഥാനമെന്തായിരിക്കുമെന്നതാണ നിർവചിക്കപ്പെടാത്ത മറെറാരു പ്രശ്നം. ജനസംഖ്യയിൽ പാതിയോളംവരുന്ന സ്ത്രീകളെ രാഷ്ട്രനിർമാണപ്രവർത്തനങ്ങ

ളിൽനിന്ന് ഒഴിച്ചുനിർത്തുക അസാദ്ധ്യമാണെന്ന് പ്രസിഡണ്ട് സിയാ ഉൾ ഹക്ക് പേഷാവർ പ്രസംഗത്തിൽ പ്രസ്താവിച്ചു. രാഷ്ട്രനിർമാണ കാര്യത്തിൽ സ്ത്രീകൾക്ക് ഒരു പങ്കു നിറവേററാനുണ്ടെന്ന് പാക്കിസ്ഥാൻ ഗവണ്മെൻറ് അംഗീകരിക്കുന്നു. ഈ കർത്തവ്യം നിർവഹിക്കാൻ സ്ത്രീകൾ മുന്നോട്ടു വരണമെന്നും സിയാ ഉൾ ഹക്ക് ഉദ്ബോധിപ്പിച്ചു. പക്ഷേ, ഇതിനർത്ഥം തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളായി മത്സരിക്കാനും, സർക്കാരിൽ മന്ത്രിപദവി ഉൾപ്പെടെയുള്ള സ്ഥാനങ്ങൾ അലങ്കരിക്കാനും സ്ത്രീകൾ അനുവദിക്കപ്പെടുമെന്നാണോ എന്നതു് സ്പഷ്ടമല്ല. കോടതികളിൽ രണ്ടു സ്ത്രീകളുടെ തെളിവ് ഒരു പുരുഷൻെറ തെളിവിനു തുല്യമായിരിക്കുമെന്നതു സംബന്ധിച്ച്—അതായതു്, ഇസ്ലാമികനിയമത്തിൻെറ മുമ്പിൽ സ്ത്രീയ്ക്കു പുരുഷനോടു സമത്വമില്ല എന്നതു സംബന്ധിച്ച്—അടുത്തകാലത്തു നടന്ന വ്യാപകമായ വാദപ്രതിവാദത്തിൽ ഒരു തീരുമാനം പാക്കിസ്ഥാൻ സർക്കാർ ഇനിയും കൈക്കൊണ്ടതായി അറിവില്ല. സ്ത്രീകൾ സ്പോർട്സിലും മററും പങ്കെടുക്കുന്നതു സംബന്ധിച്ചും അവരുടെ വസ്ത്രധാരണം സംബന്ധിച്ചും, അവർ സർക്കാർ ഉദ്യോഗങ്ങൾ വഹിക്കുന്നതു സംബന്ധിച്ചും, മററും പല തർക്കങ്ങളും പാക്കിസ്ഥാനിൽ നിലവിലുണ്ടു്. ഈ പ്രത്യേക പശ്ചാത്തലത്തിൽ ഇസ്ലാമിക ജനാധിപത്യത്തിൽ മതന്യൂനപക്ഷങ്ങളുടെയെന്നപോലെ സ്ത്രീകളുടെയും പദവി വ്യക്തമായി നിർവചിക്കപ്പെടേണ്ടതുണ്ടു്. സിയാ ഉൾ ഹക്കിൻെറ പ്രസംഗത്തിൽ ഇക്കാര്യം വിശദമായി പ്രതിപാദിക്കപ്പെട്ടിട്ടില്ല.

പാക്കിസ്ഥാനിൽ വിദ്യാർത്ഥിസംഘടനകൾ നിരോധിക്കപ്പെട്ടിരിക്കയാണ്. 'ഇസ്ലാമിക ജനാധിപത്യ'ത്തിനു കീഴിലും ഈ നിരോധം തുടരുമെന്നാണു കരുതേണ്ടതു്. വിദ്യാർത്ഥികൾ പ്രക്ഷോഭണങ്ങളിലേർപ്പെടുന്നതു് അവരുടെയും രാഷ്ട്രത്തിൻെറയും ഭാവിക്കു ഹാനികരമാണെന്ന് സിയാ ഉൾ ഹക്ക് അസന്ദിഗ്ദ്ധമായി പ്രഖ്യാപിച്ചു. അവരെ രാഷ്ട്രീയപ്രവർത്തനത്തിൽനിന്ന് അകററിനിർത്തുവാനാണ് രക്ഷിതാക്കൾ ശ്രമിക്കേണ്ടതെന്ന് അദ്ദേഹം പറഞ്ഞു.

'ഇസ്ലാമിക ജനാധിപത്യ'ത്തിൻ കീഴിൽ പാക്കിസ്ഥാനിലെ നാലു സംസ്ഥാനങ്ങളിലും (സിന്ധ്, പഞ്ചാബ് അതിർത്തി സംസ്ഥാനം, ബലൂചിസ്ഥാൻ) കേന്ദ്രത്തിലും തെരഞ്ഞെടുക്കപ്പെട്ട നിയമസഭകൾ ഉണ്ടാവും. ഈ നിയമസഭകളിൽ, തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്കു പുറമേ നോമിനേററ്ചെയ്യപ്പെട്ട ഏതാനും അംഗങ്ങളുമുണ്ടായിരിക്കും. മതനേതാക്കൾ, സാങ്കേതികവിദഗ്ദ്ധർ തുടങ്ങിയ, തെരഞ്ഞെടുപ്പിനു നിൽക്കാനിടയില്ലാത്ത, വ്യക്തികളുടെ സേവനം ലഭ്യമാക്കുന്നതിനാണ് നിയമസഭകളിലേക്കു നോമിനേഷൻ നടത്തുന്നതു്. ഈ നിയമസഭകൾക്ക്, മിക്കവാറും ഉപദേശകസമിതിയുടെ സ്ഥാനമേ ഉണ്ടാവൂ. കേന്ദ്രനിയമസഭയും രാഷ്ട്രത്തലവനും തമ്മിലും, സംസ്ഥാനനിയമസഭകളും ഗവർണർമാരും തമ്മിലും എന്തു ബന്ധമാണുണ്ടായിരിക്കുക എന്ന് സിയാ ഉൾ ഹക്ക് നിർവചിക്കുകയുണ്ടായില്ല. 1973—ൽ എഴുതിയുണ്ടാക്കപ്പെട്ട പാക്കിസ്ഥാൻ ഭരണഘടന ഇസ്ലാമിക തത്ത്വങ്ങൾക്കനുസൃതമായി മാററിയെഴുതണമെന്നു മൊത്തത്തിൽ നിർദേശിച്ചതല്ലാതെ ഈ മാററം ഏതു വിധത്തിലായിരിക്കണമെന്ന് അദ്ദേഹം പറഞ്ഞില്ല.

ഇസ്ലാമിക നിയമങ്ങൾ (ശരീഅത്ത്) അനുസരിച്ചുള്ള തെരഞ്ഞെടുപ്പ് എങ്ങനെയായിരിക്കും? അതു് ഇനി തീരുമാനിക്കുകയേയുള്ളു എന്നാണ് സിയാ ഉൾ ഹക്ക് പ്രസ്താവിച്ചതു്. ഏതായാലും ബാലററുപെട്ടി ഇസ്ലാമിനു വർജ്യമല്ല; ഒപ്പം നോമിനേഷൻകൂടി ആകാമെന്നേയുള്ളു. ഇസ്ലാമിക നിയമപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ഒരു സർക്കാർ എത്ര കാലം അധികാരത്തിലിരിക്കുമെന്ന ചോദ്യത്തിന് അക്കാര്യം ഭാവി

യിലെ കേന്ദ്രനിയമസഭ (മജ്‌ലിസ്–ഇ–ഷൂരാ) തീരുമാനിക്കുമെന്നാണ് സിയാ ഉൾ ഹക്ക് ഉത്തരം പറഞ്ഞത്.

ഇസ്ലാമിക സമ്പദ്ഘടനയിൽ 'പലിശ'യ്ക്കു സ്ഥാനമുണ്ടായിരിക്കുകയില്ല. 1985 ഒക്ടോബർ മുതൽ പാക്കിസ്ഥാനിൽ എല്ലാ തരത്തിലും പലിശ (സൂദ്) നിരോധിക്കുമെന്ന് സിയാ ഉൾ ഹക്ക് പ്രഖ്യാപിച്ചിട്ടുണ്ട്. പലിശ നിരോധിച്ചശേഷം പാക്കിസ്ഥാനിലെ ബാങ്കുകൾ എങ്ങനെയാണു പ്രവർത്തിക്കുക. നിക്ഷേപകരുടെ ധനം വ്യവസായങ്ങളിലും മറ്റും മുടക്കുന്നതിനുള്ള പ്രായോഗികവ്യവസ്ഥകൾ എന്തായിരിക്കും? വായ്പകൾ കിട്ടുന്നതിനുള്ള മാർഗമെന്ത്? ഇതെല്ലാം കണ്ടറിയാൻ ഇരിക്കുന്നതേയുള്ളു.

രാജ്യത്തിന്റെ അതിർത്തികൾ കാത്തുരക്ഷിക്കുന്നതുപോലെതന്നെ ഇസ്ലാമികവ്യവസ്ഥ നിലനിർത്തുകയെന്നതും പാക്കിസ്ഥാൻ സൈന്യത്തിന്റെ ചുമതലയാണെന്ന് സിയാ ഉൾ ഹക്ക് പ്രസ്താവിക്കുകയുണ്ടായി. പേഷാവറിൽവച്ചു പട്ടാളക്കാരോടു ചെയ്ത ഒരു പ്രസംഗത്തിൽ പാക്കിസ്ഥാന്റെ സ്വാതന്ത്ര്യം നിലനിർത്തുന്നതിനുവേണ്ടി ചെയ്യുന്ന പരിശ്രമം 'ജിഹാദി'നു സമമാണെന്ന് സിയാ പ്രഖ്യാപിച്ചു. ശമ്പളമുള്ള ഒരു തൊഴിൽ ചെയ്യുന്ന അവസരത്തിൽത്തന്നെ 'ജിഹാദി'ൽ പങ്കെടുക്കുകയുംചെയ്യാമെന്നതിനാൽ പാക്കിസ്ഥാൻ പടയാളികൾ ഭാഗ്യവാന്മാരാണെന്ന് അദ്ദേഹം പറഞ്ഞു. രാജ്യരക്ഷയെന്ന തികച്ചും രാഷ്ട്രീയമായ ഒരു സങ്കല്പനത്തെ 'ജിഹാദ്' എന്ന മതസങ്കല്പനവുമായി ഇങ്ങനെ കൂട്ടിക്കലത്തുന്നതിന്റെ ഭവിഷ്യത്തുകൾ എന്തെല്ലാമെന്നതും ചർച്ചാവിഷയമാകേണ്ട കാര്യമാണ്. ഇസ്ലാമിൽ വിശ്വസിക്കാത്തവർക്കെതിരേ മുസ്ലിങ്ങൾ നടത്തിവന്ന മതയുദ്ധം ആണല്ലോ ജിഹാദ്? ഇതുതന്നെയാണോ അതിത്തിസംരക്ഷണം?

ജനസംഖ്യാനിയന്ത്രണം പാക്കിസ്ഥാനിൽ നിയമത്താൽ നിരോധിക്കപ്പെട്ടിരിക്കുകയാണ്. 'മജ്‌ലിസ്–ഇ–ഷൂരാ' എന്ന നോമിനേററ് ചെയ്യപ്പെട്ട ഇപ്പോഴത്തെ കേന്ദ്ര–ഉപദേശകസമിതി (പാർലമെന്റ്) ഗവണ്മെന്റിനെ ഉപദേശിച്ചത് ഗർഭനിരോധനത്തെ (കോൺട്രസെപ്ഷൻ) മുസ്‌ലീം പാരമ്പര്യം എതിർക്കുന്നുവെന്നാണ്. ഗർഭനിരോധനടപടികൾ രാഷ്ട്രത്തെ മതവിശ്വാസപരിത്യാഗത്തിലേക്കു നയിക്കുകയും, ലൈംഗികസദാചാരത്തെ അധഃപതിപ്പിക്കുകയും, രാജ്യരക്ഷാ ആവശ്യങ്ങൾക്കു വേണ്ടത്ര ആൾബലം കിട്ടാതാക്കുകയുംചെയ്യുന്ന മജ്‌ലിസ്–ഇ–ഷൂരായുടെ അഭിപ്രായം അംഗീകരിച്ച്, ഇക്കഴിഞ്ഞ മാർച്ചിലാണ് സിയാ ഉൾ ഹക്ക് ജനസംഖ്യാനിയന്ത്രണപ്രവർത്തനങ്ങളെ നിയമവിരുദ്ധമായി പ്രഖ്യാപിച്ചത്. 'ഇസ്‌ലാമിക ജനാധിപത്യ' വ്യവസ്ഥിതിയിലും കുടുംബസംവിധാനപരിശ്രമങ്ങൾ നിയമപ്രകാരം നിരോധിക്കപ്പെടാനാണു സാദ്ധ്യത.

ഇസ്‌ലാമിന്റെ പേരിലാണു പാക്കിസ്ഥാൻ എന്ന രാഷ്ട്രം ഉളവായത്. ഒരു ഇസ്‌ലാമികസമൂഹം നിലവിൽ വരുത്തുകയെന്ന സ്ഥാപനലക്ഷ്യത്തിൽനിന്നു വ്യതിചലിച്ചതിന്റെ ഫലമാണ് ഇക്കഴിഞ്ഞ മുപ്പത്താറു വർഷങ്ങളിൽ പാക്കിസ്ഥാനു നേരിട്ട എല്ലാ ദുർഭാഗ്യങ്ങളുമെന്ന് പാക്കിസ്ഥാനിലെ ഇപ്പോഴത്തെ ഭരണാധികൃതർ വിശ്വസിക്കുന്നു. പാശ്ചാത്യജനാധിപത്യതത്ത്വങ്ങൾ പാക്കിസ്ഥാനിൽ പറിച്ചു നടാൻ ചെയ്ത പരിശ്രമങ്ങൾ, പാക്കിസ്ഥാൻ എന്ന രാഷ്ട്രത്തിന്റെ സ്ഥാപനോദ്ദേശ്യത്തെ പരാജയപ്പെടുത്തിയിട്ടേയുള്ളു. ഇസ്‌ലാം ഒരു സമഗ്രജീവിതരീതിയാണെന്ന് 1400 വർഷങ്ങളായി മുസ്ലിങ്ങൾ പ്രഖ്യാപിച്ചുകൊണ്ടിരിക്കുകയാണ്. എങ്കിൽ, എന്തുകൊണ്ട് ഇസ്‌ലാമിനെ രാജ്യഭരണത്തിന്റെ ആധാരമാക്കിക്കൂടാ എന്ന് സിയാ ഉൾ ഹക്ക് ചോദിച്ചു.

ഒരു ഇസ്‌ലാമിക് ഭരണകൂടം പാക്കിസ്ഥാനിൽ പടുത്തുയർത്തുകയാണ് അദ്ദേഹത്തിന്റെ ലക്ഷ്യം. സർവശക്തനായ അല്ലാഹുവിന്റെ ഇച്ഛാശക്തിയായിരിക്കും ഈ ഭരണകൂടത്തിന്റെ ആധാരം. അധികാരത്തിലുള്ള പാർട്ടി, എതിർപാർട്ടി എന്ന വിഭജനത്തിനു് ഇസ്‌ലാമിൽ സ്ഥാനമില്ലെന്ന് സിയാ ഉൾഹക്ക് പറഞ്ഞു. ഭരണാധികാരികൾ ഇസ്‌ലാമിക മൂല്യങ്ങളിൽനിന്നും സദാചാരത്തിൽനിന്നും വ്യതിചലിച്ചാൽ, അവരെ നിയന്ത്രിക്കാൻ വേണ്ട വ്യവസ്ഥകൾ മറ്റുവിധത്തിൽത്തന്നെ ഇസ്ലാം നിർദേശിക്കുന്നുമുണ്ടല്ലോ. അതിനാൽ രാഷ്ട്രീയകക്ഷികൾക്ക് ഇസ്‌ലാമിക ജനാധിപത്യത്തിൽ സ്ഥാനമുണ്ടായിരിക്കുകയില്ല. അധികാരത്തിനുവേണ്ടി പാർട്ടികൾ തമ്മിലുള്ള വടംവലി ഇസ്‌ലാമിനു നിരക്കുന്നതല്ല. പാർലമെന്ററിസമ്പ്രദായത്തിലുള്ള (ബ്രിട്ടീഷ് മാതൃകയിലുള്ള) ഭരണമോ, പ്രസിഡൻഷ്യൽ സമ്പ്രദായത്തിലുള്ള (അമേരിക്കൻ മാതൃകയിലുള്ള) ഭരണമോ, ഏതു് ആശാസ്യമെന്ന് ഇസ്‌ലാം അനുശാസിക്കുന്നില്ല എന്ന് സിയാ ഉൾ ഹക്ക് പ്രസ്താവിച്ചു. ഭരണം സംബന്ധിച്ചു ചില നിർദേശകതത്വങ്ങൾ നല്കുക എന്നു മാത്രമേ ഇസ്‌ലാം ചെയ്യുന്നുള്ളു. വ്യക്തികളുടെ സദാചാരത്തിലാണ് ഇസ്‌ലാമിന്റെയും തന്റെയും ഊന്നലെന്ന് സിയാ പറഞ്ഞു.

തെരഞ്ഞെടുക്കപ്പെട്ടവരും നോമിനേറ്റ്ചെയ്യപ്പെട്ടവരുമായ അംഗങ്ങൾ അടങ്ങുന്ന, ഉപദേശകസമിതി മാത്രമായ, പാർലമെന്റിന്റെ അംഗീകാരത്തോടെ, പട്ടാളമേധാവികൾ ഭരിക്കുന്നതു തുടർന്നു പോവുക എന്നതാവണം 'ഇസ്‌ലാമിക ജനാധിപത്യം' എന്നതുകൊണ്ട് സിയാ ഉൾ ഹക്ക് ഉദ്ദേശിക്കുന്നതെന്നു തോന്നുന്നു. സിയാ ഉൾ ഹക്കിനെ വധിക്കാൻ അടുത്ത കാലത്തു ചില പട്ടാള ഉദ്യോഗസ്ഥന്മാർ ശ്രമിച്ചതായുള്ള ആരോപണത്തെ തുടർന്ന് പട്ടാളനേതൃത്വത്തിൽ വൻതോതിലുള്ള മാറ്റങ്ങൾ പാക്കിസ്ഥാനിൽ ഇക്കഴിഞ്ഞ മാർച്ചിൽ നടപ്പിൽ വരുത്തുകയുണ്ടായി. താക്കോൽസ്ഥാനങ്ങളിലെല്ലാം സിയാ തന്റെ വിശ്വസ്താനുയായികളെ പ്രതിഷ്ഠിച്ചിരിക്കുകയാണ്. ഒരൊറ്റ ഏകാധിപതിയോടു ചോദ്യംചെയ്യാതെ കൂറു പുലർത്തുന്ന ഒരു ഏകഘടന—സൈനിക—സംവിധാനം പാക്കിസ്ഥാനിൽ നിലവിൽ വന്നുകഴിഞ്ഞിരിക്കുന്നു. സർവസൈന്യാധിപൻമുതൽ കോർ കമാൻഡർമാർവരെയുള്ള സ്ഥാനങ്ങളിൽ സിയായുടെ സ്വന്തം ആൾക്കാർ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു. അമേരിക്കയുടെയും ചില അറേബ്യൻ രാജ്യങ്ങളുടെയും ഉദാരമായ സഹായത്തോടെ അത്യാധുനികങ്ങളായ യുദ്ധോപകരണങ്ങൾ കിട്ടാവുന്നിടത്തുനിന്നൊക്കെ പാക്കിസ്ഥാൻ വാങ്ങി ശേഖരിച്ചിട്ടുണ്ട്. മാർച്ച് 22—ാം തീയതി പാക്കിസ്ഥാൻ ദിനാചരണത്തോടനുബന്ധിച്ച് റാവൽപിണ്ടിയിൽ നടന്ന രണ്ടു മണിക്കൂർ നീണ്ട സൈനികപ്പരേഡിൽ അമേരിക്കൻ എഫ്–6 വിമാനങ്ങളും ഫ്രഞ്ച് മിറാഷ് വിമാനങ്ങളും ചൈനീസ് ഏ—15 വിമാനങ്ങളും പ്രകടനപ്പറക്കലുകൾ നടത്തുകയുണ്ടായി. ചീനയിൽനിന്ന് പാക്കിസ്ഥാൻ ആറ്റംബോംബുനിർമാണത്തിന്റെ സാങ്കേതികവിദ്യയും കരസ്ഥമാക്കിയിട്ടുള്ളതായി പറയപ്പെടുന്നു. ശക്തിയുടെ ഈ ഉത്തുംഗതയിൽ ഇരുന്നുകൊണ്ട്, ഏതെങ്കിലും തരത്തിലുള്ള ഒരു തെരഞ്ഞെടുപ്പിലൂടെ തന്റെ പ്രസിഡണ്ട് സ്ഥാനത്തിന്റെ നിയമസാധുത സിയാ ഉൾ ഹക്ക് ഉറപ്പിച്ചുകൂടായ്കയില്ല. അങ്ങനെ അല്ലാവിൽനിന്നു നേരിട്ടു ലഭിച്ച പരമാധികാരം അനിശ്ചിതകാലത്തേക്ക് സിയാ വഹിക്കാനാണു സാദ്ധ്യത. പാർട്ടികളെയെല്ലാം നിരോധിച്ചശേഷം 'ഷരിയാ' (ശരീഅത്ത്) അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ടവരും നോമിനേറ്റ്ചെയ്യപ്പെട്ടവരുമായ അംഗങ്ങളടങ്ങുന്ന ഉപദേശകസമിതിയുടെ നാമമാത്രനിയന്ത്രണമേ ഈ ഏകാധിപതിക്കു നേ

രിടേണ്ടിവരികയുള്ളൂ. ഈ വ്യവസ്ഥിതി 'ഇസ്ലാമിക ജനാധിപത്യ' മെന്ന പേരിൽ പ്രചരിപ്പിക്കപ്പെട്ടേക്കാം.

ഈ ലേഖനത്തിലെ അടിസ്ഥാന വസ്തുതകൾക്കാധാരം മാർച്ച് 18—ലെ 'പാക്കിസ്ഥാൻ ടൈംസ് ഓവർസീസ് വീക്കിലി' ആണ്, ഈ വാരികയുടെ ഇതേ ലക്കത്തിൽ 'ഇസ്ലാമികമോ,പാശ്ചാത്യമോ?' എന്ന പേരിൽ ഇസഡ്. എ. സുലേരി എഴുതിയ ഒരു ലേഖനം ഉദ്ധരിച്ചിട്ടുണ്ട്. മുസ്ലിം ജീവിതമാർഗവും ഹിന്ദു ജീവിതമാർഗവും തമ്മിലുള്ള വൈരുദ്ധ്യത്തിൽനിന്നാണ് പാക്കിസ്ഥാൻ എന്ന രാഷ്ട്രം ഉദ്ഭവിച്ചതെന്ന് സുലേരി പ്രസ്താവിക്കുന്നു. പാശ്ചാത്യ ജനാധിപത്യം പാക്കിസ്ഥാനിൽ വേരുപിടിച്ചില്ല. മുഖ്യപാർട്ടിയായ മുസ്ലിംലീഗ് ദുർബലമായതോടെ പ്രാദേശിക പാർട്ടികൾക്കായി പാക്കിസ്ഥാനിൽ പ്രാബല്യം. ഇതോടെ വികേന്ദ്രീകരണവും ശിഥിലീഭവനവും ആരംഭിച്ചു. പടിഞ്ഞാറൻ പാക്കിസ്ഥാനിലെ പീപ്പിൾസ് പാർട്ടിയും (പി. പി. പി.) കിഴക്കൻ പാക്കിസ്ഥാനിലെ അവാമിലീഗും തമ്മിൽ കലഹിച്ച് മുഹമ്മദാലി ജിന്ന സ്ഥാപിച്ച പാക്കിസ്ഥാനെ രണ്ടായി വലിച്ചുകീറി· ഇതാണ് പാക്കിസ്ഥാനിൽ പാർട്ടികളുടെ 'ദേശസേവന ചരിത്രം!' പാർട്ടി സമ്പ്രദായമാണു പാശ്ചാത്യജനാധിപത്യത്തിന്റെ അടിസ്ഥാനം. അതു് പാക്കിസ്ഥാനിൽ അമ്പേ പരാജയപ്പെട്ടിരിക്കുന്നു. അടിസ്ഥാനകാര്യങ്ങളിൽ യോജിപ്പുള്ളവരുടെ വീക്ഷണഭേദങ്ങൾക്കേ ജനാധിപത്യത്തിൽ പ്രസക്തിയുള്ളൂ എന്ന കാര്യം പാക്കിസ്ഥാനിലെ രാഷ്ട്രീയപ്രവർത്തകർ വിസ്മരിച്ചുപോയി എന്ന് സുലേരി പ്രസ്താവിക്കുന്നു. രണ്ടോ, മൂന്നോ ദേശീയപാർട്ടികളിലധികം ഉണ്ടാവുന്ന ഒരു രാജ്യത്തിൽ പാശ്ചാത്യ ജനാധിപത്യരീതി വിജയിക്കുകയില്ല എന്ന് സുലേരി കരുതുന്നു.

പക്ഷേ, പാക്കിസ്ഥാനിൽ പാർട്ടികളുടെ എണ്ണം പെരുകി. ആദർശപരമായ ഭിന്നിപ്പുമുതൽ വ്യക്തിവൈരാഗ്യംവരെ പല കാരണങ്ങളാലും പഴയ പാർട്ടികൾ വിട്ടുപോകലും പുതിയ പാർട്ടികൾ രൂപവല്ക്കരിക്കലും സർവസാധാരണമായി. ഐക്യമുന്നണികളുണ്ടാക്കി പ്രക്ഷോഭണങ്ങൾ സംഘടിപ്പിക്കാനല്ലാതെ നിർമാണപരമായ രാഷ്ട്രീയപ്രവർത്തനത്തിനു് ഈ പാർട്ടികൾ ഒന്നും ഉപകരിക്കുകയില്ല.

പാശ്ചാത്യജനാധിപത്യം ഒരു നവസ്വതന്ത്രരാഷ്ട്രത്തിലും വിജയമായിട്ടില്ലെന്ന് സുലേരി ചൂണ്ടിക്കാണിക്കുന്നു. മുസ്ലിം രാജ്യങ്ങളിലൊന്നും പാശ്ചാത്യ ജനാധിപത്യവ്യവസ്ഥയ്ക്കു വേരോട്ടമുണ്ടായിട്ടില്ല. പാശ്ചാത്യ ജനാധിപത്യരാജ്യങ്ങളിലെ വിദ്യാഭ്യാസപരവും വ്യാവസായികവും രാഷ്ട്രീയവുമായ പശ്ചാത്തലം നവസ്വതന്ത്രരാജ്യങ്ങളിൽ ഇല്ലാത്തതായിരിക്കാം അവയിൽ പാശ്ചാത്യജനാധിപത്യം പരാജയപ്പെട്ടതിനുള്ള കാരണം.

പാക്കിസ്ഥാന്റെ ധർമസങ്കടം തന്നെ നോക്കുക. സുലേരി പറയുന്നു: 'ഒരു വശത്തു് സോവ്യററ്യൂണിയനും മറുവശത്തു് ഇന്ത്യയും പാക്കിസ്ഥാനെ ഞെരിക്കുന്നു. ഇവരിൽ ഒരു ആക്രമണകാരിക്ക് (റഷ്യയ്ക്കു്) എതിരെ പാക്കിസ്ഥാനെ സഹായിക്കാമെന്ന് അമേരിക്ക പ്രതിജ്ഞചെയ്യുന്നു. മററേ ആക്രമണകാരിക്ക് (ഇന്ത്യയ്ക്കു്) എതിരെ ചെറുവിരൽ ഉയർത്താൻ പോലും അമേരിക്ക വിസമ്മതിക്കുന്നു. ഈ പരിതഃസ്ഥിതിയിൽ പാക്കിസ്ഥാൻ തന്റെ ശക്തിയെ മാത്രം ആശ്രയിച്ചു പെരുമാറേണ്ടിയിരിക്കുന്നു. സുരക്ഷിതത്വമാണു പ്രമുഖ പ്രശ്നമെന്നിരിക്കെ പാശ്ചാത്യ സമൂഹങ്ങളിലെ ജനാധിപത്യസ്വാതന്ത്ര്യങ്ങൾ പാക്കിസ്ഥാനിൽ ആവശ്യമായ ചില സുഖഭോഗങ്ങൾ മാത്രമായിരിക്കുന്നു.

സോവ്യററ് യൂണിയനിലെയും ചൈനയിലെയും ഏകകക്ഷിഭരണം

അല്പകാലത്തിനകം നേടിയ പ്രസ്താവാർഹങ്ങളായ നേട്ടങ്ങൾ നവസ്വതന്ത്രരാഷ്ട്രങ്ങൾ കാണാതിരിക്കുന്നില്ല. കമ്യൂണിസ്റ്റ്‌രാജ്യങ്ങളുടെ നാസ്തിക ദർശനത്തെ സ്വീകരിക്കാതെതന്നെ അവിടത്തെ ഭരണസമ്പ്രദായം സ്വീകരിക്കാൻ നവസ്വതന്ത്രരാഷ്ട്രങ്ങൾക്ക സ്വാഭാവികമായും പ്രേരണയുണ്ടാവുന്നു.

പാശ്ചാത്യ ജനാധിപത്യസമ്പ്രദായത്തെ പാക്കിസ്ഥാൻ തള്ളിക്കളയുന്നതിനു ധാരാളം ന്യായീകരണങ്ങളുണ്ട്. പക്ഷേ, എന്താണ് ഇസ്ലാമിക ജനാധിപത്യം? ഇസ്ലാമിക സമൂഹത്തിന്റെ ലക്ഷ്യം അഖണ്ഡതയും (സോളിഡാരിററി) സാഹോദര്യവും ആകുന്നു. ഈ ലക്ഷ്യം പാർട്ടി പൊളിററിക്സിലൂടെ നേടാൻ സാദ്ധ്യമല്ല. ഏകകക്ഷിഭരണത്തിലൂടെ ഇതു നേടാൻ കഴിഞ്ഞേക്കും. മുസ്ലീം ലീഗിൽ തുടരാൻ രാഷ്ട്രത്തെ ഉപദേശിച്ച മുഹമ്മദാലി ജിന്ന അഭിലഷിച്ചതു്, പാക്കിസ്ഥാനിൽ ഏകകക്ഷിഭരണം പുലർന്നുകാണാനാണ് എന്നതു വ്യക്തമാണെന്ന് സുലേരി പറയുന്നു.

ഏകകക്ഷിഭരണത്തിലൂടെയെങ്കിൽ, ഈശ്വരഭയവും ദേശാഭിമാനവുമുള്ളവരെ കക്ഷി അടിസ്ഥാനത്തിലല്ലാതെ തെരഞ്ഞെടുക്കുന്നതിലൂടെയും അഖണ്ഡതയും സാഹോദര്യവുമെന്ന ഇസ്ലാമിക സാമൂഹിക ലക്ഷ്യം നേടാം. ഇങ്ങനെ തെരഞ്ഞെടുക്കുന്നവർ ഒരു 'ഇലക്ടോറൽ കോളേജ്' (വോട്ടർമാരുടെ സംഘടന) ആയി പ്രവർത്തിക്കണം. അതായതു്, ഇവർ ചേർന്ന് ഒരു പരമോന്നത ഭരണാധികാരിയെ (രാഷ്ട്രത്തലവനെ) തെരഞ്ഞെടുക്കണം.

'ഇസ്ലാമിലും വ്യക്തികളുടെ സദാചാരത്തിലും ഊന്നുമ്പോൾ നാം പാക്കിസ്ഥാന്റെ അസ്തിവാരത്തെ ബലപ്പെടുത്തുകയാവും ചെയ്യുക. ഭൗതികലക്ഷ്യങ്ങളുടെ പേരിൽ പാർട്ടി അടിസ്ഥാനത്തിലുള്ള തെരഞ്ഞെടുപ്പുകൾ, പാക്കിസ്ഥാൻ ഇന്ത്യയിൽനിന്നു പിരിഞ്ഞുപോവുന്നതിന്റെ ആവശ്യത്തെത്തന്നെ അവ്യക്തമാക്കിത്തീർക്കും.' ഭൂട്ടോവിന്റെ സോഷ്യലിസ്റ്റ്—മതനിരപേക്ഷത, ഇന്ത്യയുമായി പാക്കിസ്ഥാനെ വീണ്ടും സംയോജിപ്പിക്കുന്നതിനു വഴിയൊരുക്കാൻ ഉദ്ദേശിച്ചുള്ളതായിരുന്നു എന്ന് സുലേരി തന്റെ ലേഖനം ഉപസംഹരിച്ചു.

പാക്കിസ്ഥാനിൽ ഉരുത്തിരിഞ്ഞുവരുന്ന 'ഇസ്ലാമിക ജനാധിപത്യ'ത്തിന്റെ ഏതാണ്ടൊരു രൂപം ഇതിൽനിന്നു ലഭിക്കുന്നുണ്ട്. അയൽരാജ്യത്തെ ഈ സംഭവവികാസങ്ങൾ നാം മനസ്സിലാക്കിക്കൊണ്ടിരിക്കുന്നതു നന്ന്.

(26 മാർച്ച്, 1984)

## 16. ഇസ്‌ലാമിക് ഫണ്ടമെന്റലിസം

'ഇസ്ലാമിക് ഫണ്ടമെന്റലിസം' എന്ന ശൈലി പ്രചാരം നേടിയതു് 1979—ൽ ഇറാനിൽ ഷാ മഹമ്മദ് റേസാപഹ്‌ലവിയുടെ ഗവണ്മെന്റിനെ അട്ടിമറിച്ച് ഇമാം ആയത്തൊള്ള റുഹൊള്ള ഖൊമൈനി അധികാരത്തിൽ വന്നതുമുതൽക്കാണ്.

ലോകജനസംഖ്യയിൽ അഞ്ചിലൊന്നോളം ഇസ്ലാംമതത്തിൽ വിശ്വസിക്കുന്നു. മിക്ക രാജ്യങ്ങളിലും ഏറിയോ, കുറഞ്ഞോ മുസ്ലീങ്ങളെ കാണാം. ദക്ഷിണയൂറോപ്പുമുതൽ ശാന്തസമുദ്രത്തിലെ ദ്വീപുകൾവരെ, ഏറെക്കുറെ ഇസ്‌ലാമിക മേഖല (ഇസ്‌ലാമിക് ക്രെസന്റ്) ആയി